بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ۝۱

# ജുമുഅഃ ഖുത്ബ സംഗ്രഹം 21.03.2025

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)**

*യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.*

## വാഗ്ദത്ത മസീഹ് (അ)ന്റെ ആഗമനോദ്ദേശം

اَشْهَدُ اَنْ لَّاۤ اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ۝ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ۝
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝ اَلرَّحْمٰنِ الرَّحِيْمِ ۝ مٰلِكِ يَوْمِ الدِّيْنِ ۝ اِيَّاكَ
نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ۝ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝ صِرَاطَ الَّذِيْنَ اَنْعَمْتَ
عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۝

അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രത്തിൽ മാർച്ച് 23 തീയതിക്ക് വളരെ പ്രാധാന്യമുണ്ട്. കാരണം 1889 മാർച്ച് 23 നാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) ബൈഅത്ത് ആരംഭിച്ചുകൊണ്ട് ജമാഅത്തിന് അടിത്തറ പാകിയത്. ആ മഹാത്മാവിന്റെ ആഗമനം തികച്ചും അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ചും തിരുനബി(സ) യുടെ പ്രവചനങ്ങളുടെ അടിസ്ഥാനത്തിലും ആയിരുന്നു. ആ സമയത്ത് ഇസ്ലാമിക നൗക വളരെയേറെ ആടിയുലയുകയായിരുന്നു. അതായത് ഇന്നും മതപരമായും രാഷ്ട്രീയമായും ഭൗതികമായും മുസ്ലിങ്ങളുടെ അവസ്ഥ വളരെ മോശമാണ്. ഒരുപാട് മുസ്ലിം രാജ്യങ്ങൾ പെട്രോൾ സമ്പത്ത് കാരണം സാമ്പത്തികമായി വളരെയേറെ മുന്നിലാണ്. എന്നാൽ അവരുടെ പ്രാധാന്യവും അവരുടെ അന്തസ്സും പൂർണമായും നഷ്ടപ്പെട്ടിരിക്കുന്നു. ഏതായിരുന്നാലും അക്കാലത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) ബൈഅത്ത് വാങ്ങി. ആ കാലഘട്ടത്തിലുള്ള ഇസ്ലാമിന്റെ അവസ്ഥയിൽ ആ മഹാത്മാവിന്റെ ഹൃദയം രക്തത്തിന്റെ അശ്രു പൊഴിക്കുകയായിരുന്നു. ഇസ്ലാമിനുമേൽ വളരെ ശക്തമായ ആക്രമണമാണ് ക്രിസ്ത്യാനികളുടെ ഭാഗത്തുനിന്ന് ഉണ്ടായിരുന്നത്. മുസ്ലിം പണ്ഡിതന്മാരും ആ സമയത്ത് (മറുപടി നൽകാതെ) ചുരുണ്ടുകൂടിയിരിക്കുകയായിരുന്നു. ലക്ഷക്കണക്കിന് മുസ്ലീങ്ങൾ ഇസ്ലാമിനെ ഉപേക്ഷിച്ചുകൊണ്ട് ക്രിസ്തീയതയുടെ മടിത്തട്ടിലേക്ക് വീണുകൊണ്ടിരിക്കുകയായിരുന്നു.

(ഇസ്ലാമിനുമേൽ ആക്രമണങ്ങൾ നടന്നിരുന്ന) അന്നത്തെ സാഹചര്യത്തിൽ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ) മാത്രമാണ് അല്ലാഹുവിന്റെ കല്പന അനുസരിച്ച് എഴുന്നേറ്റുനിന്ന് ഇസ്ലാമിനെ പ്രതിരോധിച്ചുകൊണ്ട് അല്ലാഹുവിന്റെ യോദ്ധാവ് എന്ന തന്റെ കടമ നിർവഹിച്ചത്.

അന്ന് ഇസ്ലാമിനും ഇസ്ലാം സ്ഥാപകർക്കും മേൽ പ്രബന്ധങ്ങളും പ്രസംഗങ്ങളും മുഖേന ഭയാനകമായ ആക്രമണം നടത്തിയിരുന്ന എല്ലാ മതങ്ങൾക്കുമെതിരെ ആ മഹാത്മാവ് മറുപടി കൊടുത്തു. ബൈഅത്ത് സ്വീകരിക്കുന്നതിനു മുമ്പേ ഈ വേദന കാരണം ആ മഹാത്മാവ് ബറാഹീനെ അഹ്മദിയ എന്ന പേരിൽ വളരെ സുപ്രസിദ്ധമായ ഒരു ഗ്രന്ഥരചന നടത്തുകയുണ്ടായി. ഇതിൽ ആ മഹാത്മാവ് ഇസ്ലാമിക ശത്രുക്കൾക്ക് നഖശിഖാന്തം മറുപടി നൽകുകയുണ്ടായി. ആ മഹാത്മാവ് അതിൽ വിശുദ്ധഖുർആൻ ദൈവിക വചനവും അനുപമമായ ഗ്രന്ഥമാണെന്നതിലേക്കും തിരുനബി(സ)യുടെ സത്യസാക്ഷ്യത്തിലേക്കും തിരുനബി(സ) അവസാന പ്രവാചകൻ ആണെന്നും അനിഷേധ്യമായ തെളിവുകൾ സഹിതം വിവരിക്കുകയുണ്ടായി. അതോടൊപ്പം തന്നെ ആ മഹാത്മാവ് പറഞ്ഞു: ഞാൻ നൽകുന്ന തെളിവുകൾക്ക് ആരെങ്കിലും മറുപടി നൽകുകയാണെങ്കിൽ അവരെ ഞാൻ വെല്ലുവിളിക്കുന്നു. മാത്രമല്ല ഇതിന്റെ മൂന്നിൽ ഒരു ഭാഗത്തിനോ നാലിൽ ഒരു ഭാഗത്തിനോ അതുമല്ലെങ്കിൽ അഞ്ചിൽ ഒരു ഭാഗത്തിനോ തെളിവുസഹിതം മറുപടി നൽകുകയാണെങ്കിൽ ഞാൻ അവർക്ക് 10000 രൂപ സമ്മാനം നൽകുന്നതാണ്. ആ കാലത്ത് അത് വലിയൊരു സംഖ്യയായിരുന്നു. അതേത്തുടർന്ന് ഇസ്ലാം ഒരു ശക്തമായ മതമാണെന്നുമുള്ള ഒരു ആത്മവിശ്വാസം മുസ്ലിംകൾക്കുള്ളിൽ ഉണ്ടായി. പണ്ഡിതന്മാരും ഇക്കാര്യത്തിൽ ഏറെ ശ്ലാഘിക്കുകയുണ്ടായി. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ ഇസ്ലാമിക സേവനം കാരണത്താൽ ചില ആളുകൾ ആ മഹാത്മാവിനോട് ബൈഅത്ത് സ്വീകരിക്കാനും ആവശ്യപ്പെടുകയുണ്ടായി.

എന്നാൽ അദ്ദേഹത്തിന് അല്ലാഹുവിൽനിന്ന് കൽപ്പന ലഭിച്ചിട്ടുണ്ടായിരുന്നില്ല. പിന്നീട് കല്പന ലഭിച്ചപ്പോൾ ആ മഹാത്മാവ് ബൈഅത്ത് സ്വീകരിച്ചു. തുടർന്ന് അല്ലാഹു ആ മഹാത്മാവിനോട്, നീ വാഗ്ദത്ത മസീഹും മഹ്ദിയും ആണെന്ന് വിളമ്പരപ്പെടുത്തുക എന്ന് കല്പിക്കുകയുണ്ടായി. (ബൈഅത്തിനു മുമ്പ്) ആ മഹാത്മാവ് 1888 ഡിസംബർ മാസത്തിൽ തബ്‌ലീഗ് എന്ന പേരിൽ ഒരു വിളംബരം പ്രസിദ്ധീകരിച്ചു. നീ മനോനിശ്ചയം ചെയ്തു കഴിഞ്ഞാൽ ദൈവത്തിൽ വിശ്വാസമർപ്പിക്കുക. നമ്മുടെ മേൽനോട്ടത്തിലും നമ്മുടെ കല്പന പ്രകാരവും ഒരു നൗക പണിയുക. നിന്റെ കയ്യിൽ ബൈഅത്ത് ചെയ്യുന്നവർ അല്ലാഹുവിന്റെ കയ്യിലത്രെ ബൈഅത്ത് ചെയ്യുന്നത്.

(ഹുസൂർ തിരുമനസ്സ് പറയുന്നു:) പിന്നെ അല്ലാഹു ദൃഷ്ടാന്തങ്ങളും കാണിച്ചു. അതിൽ ആകാശീയമായ ഒരു ദൃഷ്ടാന്തം ആയിരുന്നു സൂര്യ ചന്ദ്രഗ്രഹണങ്ങൾ. അതിനെ സംബന്ധിച്ച് നബി^(സ) പറഞ്ഞതായിരുന്നു. അതായത് എന്റെ മഹ്ദി വരുമ്പോൾ അദ്ദേഹത്തിന്റെ ഒരു പ്രത്യേക അടയാളം, നിശ്ചിത തീയതികളിൽ ഗ്രഹണങ്ങൾ ഉണ്ടാകും എന്നതാണ്. അത് 1894 ൽ പൗരസ്ത്യ ലോകത്തും 1895ൽ പാശ്ചാത്യ ലോകത്തും വെളിപ്പെടുമാറായി. ഇവിടെ മറ്റൊരു കാര്യം കൂടി പറയട്ടെ; ഇപ്രാവശ്യത്തെ റമദാനിലും ചന്ദ്രഗ്രഹണം നടക്കാനുണ്ട്. ഇതേ ദിവസങ്ങളിൽ തന്നെയാണ് അത് സംഭവിക്കുന്നത്. മേലിലും അങ്ങനെ ഉണ്ടാകാം, ഉണ്ടായിക്കൊണ്ടിരിക്കും. എന്നാൽ ഹദ്റത്ത് മസീഹ് മൗഊദ്^(അ)ന്റെ കാലഘട്ടത്തിൽ ഉണ്ടായ സൂര്യ ചന്ദ്രഗ്രഹണം, ആ മഹാത്മാവിന്റെ വാദത്തിനു ശേഷമാണ് ഉണ്ടായത്. അതിന് അതിന്റേതായ പ്രാധാന്യം ഉണ്ട്. ആ മഹാത്മാവ് അല്ലാഹുവിൽ നിന്ന് വ്യതിരിക്തമായ അടയാളം തേടുകയായിരുന്നു. പിന്നെ അല്ലാഹു അടയാളം വെളിപ്പെടുത്തി. ചില അഹ്മദികൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതിനെ അടയാളം എന്ന രീതിയിൽ പറയുന്നു. ഇതിനെ അടയാളമായി മനസ്സിലാക്കാൻ പറ്റുമോ ഇല്ലയോ എന്ന് അല്ലാഹുവിനു മാത്രമേ നന്നായി അറിയുകയുള്ളൂ. ഏതായിരുന്നാലും ഇത് അതിന്റെ ഒരു തുടർച്ചയാണെന്ന് പറയാം.

ആ മഹാത്മാവ് 1889 ജനുവരി 12 ന് തക്മീലെ തബ്‌ലീഗ് എന്ന പേരിൽ ഒരു വിളംബരം പ്രസിദ്ധീകരിച്ചു. അതിൽ ബൈഅത്തിന്റെ 10 നിബന്ധനകളും പറഞ്ഞു. നമുക്കറിയാം അഹ്മദിയാകുന്നതിന് അതനുസരിച്ച് പ്രവർത്തിക്കേണ്ടതും മനസ്സുകൊണ്ട് അത് സ്വീകരിക്കേണ്ടതും അനിവാര്യമാണ്. ആ ബൈഅത്തിന്റെ നിബന്ധനകൾ കേൾപിച്ച ശേഷം ഹുസൂർ തിരുമനസ്സ് പറയുന്നു: അതനുസരിച്ച് നിരവധി ആത്മാർഥരായ ആളുകൾ ബൈഅത്ത് ചെയ്തു. ഇന്നും ഈ നിബന്ധനകൾ പ്രകാരമാണ് ബൈഅത്ത് ചെയ്തുകൊണ്ടിരിക്കുന്നത്. ഈ കാര്യങ്ങൾ അനുസരിച്ച് നമ്മൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് ചിന്തിച്ചു നോക്കേണ്ടതാണ്. അഹ്മദിയാ ജമാഅത്തിൽ ആത്മാർഥരായ ആളുകളുടെ ഒരു വലിയ അംഗസംഖ്യ ഈ കാര്യങ്ങൾ അനുസരിച്ചു പ്രവർത്തിക്കുന്നവരാണ്. പിന്നെ ജീവനും സമ്പത്തും സമയവും അന്തസ്സും ത്യാഗം ചെയ്യാൻ എപ്പോഴും തയ്യാറായിരിക്കുന്നവരുമാണ്. ദീനിന്റെ അന്തസ്സ് സ്ഥാപിക്കുന്നതിന്‌വേണ്ടി ഇസ്ലാമിന്റെ സന്ദേശം കഴിവതും പ്രചരിപ്പിക്കുന്നതിന് വേണ്ടി പരിശ്രമിക്കുന്നു.

തിരുനബി^(സ)യോട് ഹദ്റത്ത് മസീഹ് മൗഊദ്^(അ)ന്റെ ഹൃദയത്തിൽ ഉണ്ടായിരുന്ന അനുരാഗത്തിന്റെ ഒരു ചിത്രം അദ്ദേഹത്തിന്റെ ഒരു ഉദ്ധരണിയിൽ നമുക്ക് കാണാം. ആ മഹാത്മാവ് പറയുന്നു: 'ഞാൻ എപ്പോഴും അത്ഭുതദൃഷ്ടികളോടെയാണു നോക്കിക്കാണുന്നത്. മുഹമ്മദ് എന്നു പേരുള്ള ഈ അറബി പ്രവാചകൻ (ആയിരമായിരം സ്തോത്രങ്ങൾ അദ്ദേഹത്തിനുമേൽ വർഷിക്കുമാറാകട്ടെ) എത്രമേൽ ഉൽകൃഷ്ട പദവിയാർന്ന നബിയാണ്! അദ്ദേഹത്തിന്റെ ഔന്നത്യത്തിന്റെ അറ്റം കണ്ടെത്തുവാൻ ആർക്കും സാധ്യമല്ല തന്നെ. അവിടത്തെ ദിവ്യശക്തിപ്രഭാവം കണക്കാക്കുക മനുഷ്യന്റെ കഴിവിൽ പെട്ടതല്ല. അഹോ കഷ്ടം! ആ മഹാത്മാവിന്റെ യഥാർത്ഥ പദവി അതർഹിക്കുംവിധം അംഗീകരിക്കപ്പെടുന്നില്ല. ലോകത്ത്നിന്ന് തികച്ചും അപ്രത്യക്ഷമായിക്കഴിഞ്ഞിരുന്ന തൗഹീദ് വീണ്ടും ഈ ലോകത്ത് തിരിച്ചു കൊണ്ടുവന്ന വീരാത്മാവ് അദ്ദേഹമത്രെ! തിരുനബി^(സ) അല്ലാഹുവിനോട് അങ്ങേയറ്റത്തെ സ്നേഹം പുലർത്തി. മനുഷ്യകുലത്തോടുള്ള സഹാനുഭൂതിയിൽ അദ്ദേഹം ആത്മാർപ്പണം ചെയ്തു. അദ്ദേഹത്തിന്റെ ഹൃദയരഹസ്യം അറിഞ്ഞിരുന്ന അല്ലാഹു മുമ്പുള്ളവരും പിമ്പുള്ളവരും ആയ സകല പ്രവാചകന്മാരെക്കാളും ആ മഹാത്മാവിനു ശ്രേഷ്ഠത നൽകുകയും അദ്ദേഹത്തിന്റെ എല്ലാ ആഗ്രഹങ്ങളും ഉദ്ദേശ്യങ്ങളും അദ്ദേഹത്തിന്റെ ജീവിത കാലത്ത് തന്നെ അദ്ദേഹത്തിന്ന് സാധിപ്പിച്ചുകൊടുക്കുകയും ചെയ്തു. എല്ലാ നന്മകളുടെയും ഉറവിടം അവിടന്ന് മാത്രമാണ്. അവിടത്തെ ഔദാര്യവും അനുഗ്രഹവും ഇല്ലാതെ തനിക്ക് ആത്മീയാനുഗ്രഹം ലഭിച്ചുവെന്നാരെങ്കിലും വാദിക്കുന്നുവെങ്കിൽ അയാൾ മനുഷ്യനല്ല;

പിശാചിന്റെ സന്തതിയാണ്. കാരണം എല്ലാ നന്മക ളുടെയും കുഞ്ചിക അദ്ദേഹത്തിന്നു നൽകപ്പെട്ടി രിക്കുന്നു.

ചുരുക്കത്തിൽ ഈ കാര്യങ്ങളും തിരുനബി(സ) യോടുള്ള അനുരക്തിയും കാരണമായിരുന്നു അല്ലാഹു അദ്ദേഹത്തെ തിരഞ്ഞെടുത്തത്. അല്ലാഹു ആ മഹാത്മാവിനോട് പറഞ്ഞു: ഇനി ഈ സ്നേഹവും അനുരുക്തിയും കാരണത്താൽ ഞാൻ നിന്നെ മസീഹിന്റെയും മഹ്ദിയുടെയും സ്ഥാനത്ത് അവരോധിക്കുന്നു. അതു സംബന്ധിച്ച് വിളംബരപ്പെടുത്തുക. ഇസ്‌ലാമിനെ പുനരുജീവി പ്പിക്കുമെന്ന വാഗ്ദാനം ഞാൻ പൂർത്തിയാക്കുന്ന താണ്. പ്രസ്തുത ജോലി നിന്നെ ഏൽപ്പിക്കുന്നു.

പിന്നെ അത് യഥാവിധി നിർവഹിച്ച ആ മഹാ ത്മാവ് ജമാഅത്തിനെ ഉപദേശിച്ചുകൊണ്ട് പറ യുന്നു: ഓർക്കുക, മസീഹ് മൗഊദിന്റെ കൂടെ സ്വഹാ ബാക്കളെ പോലെയുള്ള ആളുകൾ ഉണ്ടായിരിക്കും. ഇത് അല്ലാഹുവിന്റെ വാക്കായിരിക്കെ, ഞങ്ങൾ തിരു നബി(സ)യുടെയും ഇസ്‌ലാമിന്റെയും നാമം പ്രകാ ശിതമാക്കുമെന്നും ഇസ്‌ലാമിന്റെ പ്രചാരണം ലോകത്തിന്റെ കോണുകളോളം എത്തിക്കുമെന്നും ശപഥം ചെയ്തവരാണ്. അതുകൊണ്ട് ആ സ്വഹാ ബാക്കളുടെ വർണ്ണവും സ്വീകരിക്കേണ്ടതായി വരും. പറയുന്നു: നമ്മുടെ സമ്പൂർണ്ണനായ മാർഗ ദർശിയുടെ സ്വഹാബാക്കൾ അല്ലാഹുവിനും റസൂ ലിനുംവേണ്ടി എന്തെല്ലാം ജീവത്യാഗങ്ങളാണ് ചെയ്തത്, അവർ എന്തുകൊണ്ടാണ് ജീവത്യാഗം ചെയ്യുന്നവരായി മാറിയത്? അത് സത്യസന്ധമായ ദൈവീക സ്നേഹത്തിന്റെ ആവേശമായിരുന്നു. അതിന്റെ കിരണങ്ങൾ അവരുടെ ഹൃദയത്തിൽ പതിച്ചിട്ടുണ്ടായിരുന്നു. അതുകൊണ്ട് മറ്റേത് നബി യുമായി താരതമ്യപ്പെടുത്തി നോക്കുകയാണെ ങ്കിലും അതിനു തുല്യത ദർശിക്കൻ സാധ്യമല്ല.

തിരുനബി(സ)യുടെ സഹാബാക്കൾക്കിടയിൽ പരസ്പരം ഉണ്ടായിരുന്ന സ്നേഹത്തെയും സഹ വർത്തിത്വത്തെയും രണ്ട് വാചകങ്ങളിലൂടെ വിവരി ക്കുന്നുണ്ട്: അതായത് അവൻ അവരുടെ ഹൃദയ ങ്ങളെ പരസ്പരം ബന്ധിച്ചിരിക്കുന്നു. നീ ഭൂമിയി ലുള്ളത് മുഴുവനും ചെലവഴിച്ചിരുന്നെങ്കിൽ പോലും അവരുടെ ഹൃദയങ്ങളെ പരസ്പരം കൂട്ടിയിണ ക്കാൻ കഴിയുമായിരുന്നില്ല. ആ മഹാത്മാവ് നമ്മ ളോട് ചോദിക്കുന്നു: നമ്മൾ അങ്ങനെ തന്നെ യാണോ? സ്വഹാബാക്കൾ തങ്ങളുടെ ജീവനും സമ്പത്തും ദൈവമാർഗത്തിൽ ത്യജിച്ചു. എന്നാൽ നമ്മെ സംബന്ധിച്ചിടത്തോളം ഇത്രമാത്രം കാഠിന്യ ങ്ങൾ ഇല്ല. ഈ കാലത്ത് യുദ്ധങ്ങളുണ്ടാവുന്നതല്ല. നമുക്ക് എന്തെങ്കിലുമൊക്കെ ത്യാഗം ചെയ്യാൻ അല്ലാഹു അവസരം നൽകിയിരിക്കുന്നു. അതിനു വേണ്ടി നമ്മുടെ ജീവനും സമ്പത്തും സമയവും ത്യജിക്കാൻ നമ്മൾ ചെയ്തിട്ടുള്ള ശപഥം പൂർത്തി യാക്കേണ്ടതാണ്.

ആ മഹാത്മാവ് മുഴുവൻ ജമാഅത്തിനും ഉപ ദേശം നൽകിക്കൊണ്ട് പറയുന്നു: ഖുർആൻ വായി ക്കുക; കഥകൾ പോലെയല്ല. ജനങ്ങൾ എത്ര മാത്രം മാധുര്യത്തോടെയാണ് ഖുർആൻ പാരാ യണം ചെയ്യുന്നത്. പക്ഷേ അത് അവരുടെ തൊണ്ട യിൽ നിന്നിറങ്ങുന്നില്ല. ഖുർആന്റെ മറ്റൊരു പേര് (ദിക്ർ) അനുസ്മരണം എന്നാണ്. അത് മനു ഷ്യന്റെ ഉള്ളിൽ ഗുപ്തമായിട്ടുള്ള, വിസ്മരിക്കപ്പെ ട്ടുപോയ സത്യസാക്ഷ്യങ്ങളെ ഓർമ്മപ്പെടുത്തുന്ന തിന് വേണ്ടിയാണ് വന്നിട്ടുള്ളത്. ഈ കാലഘട്ട ത്തിലും അത് അനുസ്മരണം ആണ്. അത് പഠിപ്പി ക്കുന്നതിന് വാനലോകത്ത്നിന്ന് ഒരു അധ്യാപകൻ ആഗതനായിരിക്കുന്നു. അത് *ആഖിരീന മിൻഹും ലമ്മാ യൽഹഖൂ ബിഹിം* എന്നതിന്റെ സാക്ഷാൽ ക്കാരമാകുന്നു. നമ്മുടെ എതിരാളികൾ നമ്മുടെ എതിരാളികൾ മാത്രമല്ല. അവർ അല്ലാഹുവിന്റെ വാഗ്ദാനങ്ങളെ പൂർണമായും നിരാകരിക്കുന്നവ രാണ്. ഖുർആൻ അതനുസരിച്ച് പ്രവർത്തിക്കാത്ത വരുമാകുന്നു. മനസ്സിലാക്കി കൊടുക്കാൻ തുനിയു മ്പോൾ അത് മനസ്സിലാക്കാൻ ശ്രമിക്കുന്നുമില്ല. അല്ലാഹു പറയുന്നു: ക്ഷമയോടെയും സദ്വിചാര ത്തോടെയും വർത്തിക്കുക. പക്ഷേ ഇവർക്ക് എതി ർക്കാൻ മാത്രമേ അറിയുകയുള്ളൂ. ഇന്ന് ഇസ്‌ലാം അല്ലാതെ ഒരു മതവും ജീവൻ നൽകാൻ പ്രാപ്ത മല്ല. അല്ലാഹു അതിന് മാധ്യമങ്ങളെ ഉപയോഗപ്പെ ടുത്തുന്നു. അത് കാണാൻ കഴിഞ്ഞാലും ഇല്ലെ ങ്കിലും ശരി.

അല്ലാഹു ആ കാലഘട്ടത്തിൽ തിരുനബി(സ)യെ അയച്ചുകൊണ്ട് പ്രകാശം ഇറക്കി. ഇക്കാലഘട്ട ത്തിൽ അല്ലാഹു എന്നെ അയച്ചിരിക്കുന്നു. ഞാൻ അല്ലാഹുവിൽ നിന്നുള്ളവനാകുന്നു നിങ്ങൾ എന്നെ സ്വീകരിച്ചാലും ഇല്ലെങ്കിലും വേണ്ടില്ല. അവസാന കാലത്ത് ഇസ്‌ലാമിന്റെ പുനരുജ്ജീ വനം വാഗ്ദത്ത മസീഹിന്റെ കൈകളാൽ ആയിരി ക്കണമെന്ന് അല്ലാഹു ആഗ്രഹിക്കുന്നു. അതു കൊണ്ട് വാഗ്ദത്ത മസീഹിന്റെ പേര് കാസിറെ സലീബ് അഥവാ കുരിശിനെ ഉടക്കുന്നവൻ എന്ന് വെച്ചിരിക്കുന്നു. നേരത്തെ ഇതുപോലെ ശക്തമായ രീതിയിൽ ക്രിസ്തീയതയുടെ പ്രചാരണം ഇല്ലാ യിരുന്നു. ആയതിനാൽ അല്ലാഹുവിന്റെ അഭിമാനം ഈ കാലഘട്ടത്തിൽ കാസിറെ സലീബ് അഥവാ കുരിശ് ഉടക്കുന്ന ആളെ അയക്കാതിരിക്കുമോ?

അതിന് അല്ലാഹു വാഗ്ദത്ത് മസീഹിനെ അയക്കുകയുണ്ടായി. ഇന്നും മസീഹിന്റെ ജമാഅത്തിനുള്ള കർത്തവ്യം, ആ മഹാത്മാവിന്റെ പ്രവൃത്തിയെ മുന്നോട്ടു കൊണ്ടുപോകുകയും നബി(സ)നും ഇസ്ലാമിനും ഖുർആനുംമേലുള്ള ആക്ഷേപങ്ങൾക്ക് മറുപടികൾ നൽകുകയുമാണ്. ചുരുക്കത്തിൽ വാഗ്ദത്ത മസീഹിന്റെ സത്യസാക്ഷ്യം ലോകത്തു മുഴുവനും പരക്കുമെന്നത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. അത് പരക്കേണ്ടതുമാണ് അതിനെ എതിർത്താലും ഇല്ലെങ്കിലും അത് പരക്കുകയും ചെയ്യും.

ആളുകൾ ചോദിക്കുന്നു. വാഗ്ദത്ത പരിഷ്കർത്താവ് എന്തിനാണ് വന്നത്?. ഇസ്ലാമിലെ എല്ലാ കർമ്മങ്ങളും ഞങ്ങൾ ചെയ്യുന്നില്ലേ? അതിന് ആ മഹാത്മാവ് തന്നെ മറുപടി പറയുന്നു: നിങ്ങളുടെ അവസ്ഥകൾ തന്നെ അതിനു മറുപടി ആണ്. കർമ്മങ്ങൾ സൽകർമ്മങ്ങൾ ആയിരുന്നുവെങ്കിൽ അതിന്റെ സൽഫലങ്ങൾ എന്തുകൊണ്ട് ഉണ്ടാകുന്നില്ല? നിങ്ങളുടെ ഈ കർമ്മങ്ങൾ ഒന്നും സൽകർമ്മങ്ങളുടെ വർണ്ണമുള്ളവയല്ല. മറിച്ച് അത് പുറംതൊലി മാത്രമാകുന്നു. ഒരു ബാഹ്യമായ തോട് ആണ്. അകക്കാമ്പില്ല. മുസ്ലീങ്ങളുടെ അവസ്ഥ പറയാൻ പോലും പറ്റാത്ത തരത്തിലേക്ക് എത്തിയിരിക്കുന്നു. കാലഘട്ടം ഒരു വാഗ്ദത്ത പരിഷ്കർത്താവിനെ ആവശ്യപ്പെടുന്നു. ഈ അവസ്ഥയെ പരിഷ്കരിക്കാൻ ഒരാൾ വരണം എന്ന് പറയുന്നു.

നമ്മളെ എതിർക്കുന്ന ആളുകൾ നമ്മുടെ ദാസന്മാർ തന്നെയാണ്. അവർ ഏതെങ്കിലും വിധത്തിൽ നമ്മുടെ കാര്യങ്ങൾ പാശ്ചാത്യ പൗരസ്ത്യ ദിക്കുകളിൽ എത്തിക്കുന്നു. ഈ എതിരാളികൾ നിമിത്തവും നമ്മുടെ സന്ദേശം പരക്കുന്നു. നിങ്ങൾ ഇതൊരു വ്യാപാരമാണെന്ന് പറയുന്നു. ഭൗതികമായ കച്ചവടങ്ങളുടെ കാര്യത്തിൽ നമ്മുടെ ഉദാഹരണം മൃതന്മാരെ പോലെയാകുന്നു.

നമ്മുടെ ലക്ഷ്യം, ഇസ്ലാമിൽ ഉടലെടുത്തിരിക്കുന്ന തെറ്റായ ആചാരങ്ങളിൽനിന്ന് രക്ഷിക്കുക എന്നതാണ്. അതുപോലെ മറ്റ് പൊയ്മതങ്ങളുടെ യാഥാർത്ഥ്യം വെളിപ്പെടുത്തുക എന്നതും. വിശുദ്ധ ഖുർആനേയും തിരുനബി(സ)യേയും അയച്ചതിന്റെ ഉദ്ദേശം അല്ലാഹു ലോകത്ത് ഒരു മഹത്തായ അനുഗ്രഹം വെളിപ്പെടുത്തുകയായിരുന്നു.

റമദാനിലെ ദിവസങ്ങളിൽ ദുആകൾ മുഖേനയും നമ്മുടെ അറിവുകൾ വർധിപ്പിക്കുന്നതിലൂടെയും വിശുദ്ധ ഖുർആന്റെ അറിവ് കരസ്ഥമാക്കുന്നതിലൂടെയും കർമ്മപരമായി സന്ദേശം പരത്തുന്നതിലൂടെയും ഈ പ്രവർത്തനത്തിൽ നമുക്ക് വിജയം വരിക്കാൻ കഴിയുന്നതാണ്. (അല്ലാഹു നമുക്ക് അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.)

അവസാനമായി പാക്കിസ്ഥാനിലെ അഹ്മദികൾക്ക്വേണ്ടിയും ദുആക്ക് അപേക്ഷിക്കാൻ ആഗ്രഹിക്കുന്നു. അല്ലാഹു അവരുടെ സാഹചര്യങ്ങളിൽ എളുപ്പം ഉണ്ടാക്കുമാറാകട്ടെ. നമ്മുടെ എതിരാളികൾ എല്ലാ നിലക്കും ശക്തി ചെലുത്തികൊണ്ടിരിക്കുന്നു. എല്ലാ നിലക്കും പ്രയാസങ്ങൾ ഏൽപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. എന്തെങ്കിലുമൊക്കെ കാരണം കിട്ടാൻ കാത്തുനിൽക്കുന്നു. അതുകൊണ്ട് അവരുടെ ലക്ഷ്യം അഹ്മദികൾക്ക് നഷ്ടം വരുത്തുകയാണ്. അല്ലാഹു അവരെയെല്ലാം സംരക്ഷിക്കുമാറാകട്ടെ. മുസ്ലിം ഉമ്മത്തിനു വേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവർക്ക് ബുദ്ധിയും വിവേകവും നൽകുമാറാകട്ടെ. അവരുടെ അവസ്ഥകൾ നന്നാക്കുമാറാകട്ടെ. അവരോട് കരുണ ചൊരിയുമാരാകട്ടെ. ഫലസ്തീനി മുസ്ലീങ്ങൾക്ക്മേൽ വീണ്ടും ദ്രോഹത്തിനുള്ള പുതിയ ഘട്ടം ആരംഭിച്ചിരിക്കുകയാണ്. അല്ലാഹു അവരെയും ദ്രോഹങ്ങളിൽനിന്ന് സുരക്ഷിതമാക്കുകയും കരുണ ചൊരിയും ചെയ്യുമാറാകട്ടെ.

اَلْحَمْدُ لِلّٰهِ نَحمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُوْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَاللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْىِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

* * * * * * *

* * **

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Mubarak, Islamabad, Tilford, UK – on 21.03.2025
Malayalam Translation: **Moulavi H. Shamsuddin Kavassery**
Typing & Layout: **Moulavi T. Jamshad Mukkam**, For Malayalam Desk, Qadian.
Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516